**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **07-07-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി ചോർച്ച വ്യാപകമാണെന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ജി.എസ്.ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. ജി.എസ്.ടി യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനചരക്ക സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജി.എസ്.ടി നിയമത്തിനനുസൃതമായ രീതിയിൽ സംസ്ഥാന ചരക്കു സേവനനികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ പ്രൊഫഷണൽ രീതിയിലുള്ളതാക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. |
| (ബി) | ജി.എസ്.ടി. വകുപ്പിന് പുതിയ ഓഡിറ്റ് വിഭാഗം രൂപീകരിക്കുവാനും ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | **ജി എസ് ടി നിയമത്തിനനുസൃതമായ രീതിയിൽ സംസ്ഥാന ചരക്കു സേവന നികുതി** വകുപ്പിനെ പുനസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ പുനഃസംഘടനയിലൂടെ വകുപ്പിന്റെ ഓഡിറ്റ്, |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ് വിഭാഗങ്ങൾ കൂടുതൽ ശക്തമാകും. പഴയ നിയമ സംവിധാനങ്ങളിലുണ്ടായിരുന്ന അസ്സെസ്സ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണൽ ആയ ഓഡിറ്റ് പോലുള്ള സംവിധാനങ്ങൾ വരുന്നത് വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കും. പൂർണമായും ഓൺലൈൻ സംവിധാനമായ ജി.എസ്.ടി യിൽ നൂതന രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ്, **ഇൻവെസ്റ്റിഗേഷൻ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നത് സഹായകമാകും.** |
| (സി) | സ്ക്വാഡുകൾ വാഹനങ്ങളെ പിന്തുടർന്ന് പിടിക്കുന്നതിന് പകരം ഇന്റലിജൻസ് സംവിധാനം ശക്തമാക്കാനും ഇ–വേ ബില്ലിന്റെ കൃത്യമായ പരിശോധന നടത്താനും നടപടികൾ സ്വീകരിക്കുമോ; | (സി) | പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഇത് ANPR സിസ്റ്റം (Automatic number plate recognition system) ആയി ബന്ധപ്പെടുത്തി ഇ-വേബിൽ എടുക്കാതെ അതിർത്തികടന്നു വരുന്ന വാഹനങ്ങളുടെ വിവരം അലെർട്ട് മെസ്സേജ് വഴി തത്സമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് കൈമാറുകയും ചെയ്യുന്ന സംവിധാനം നിലവിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാന അതിർത്തികളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.നിലവിലെ ANPR സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി വിവരങ്ങൾ കൂടുതൽ കൃത്യതയോടെ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | നടപ്പിലാക്കി അഞ്ചു വർഷം കഴിഞ്ഞിട്ടും ജി.എസ്.ടി. നടത്തിപ്പിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി വന്നതോട് കൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും, പ്രകൃതി ദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി എസ് ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർധിക്കാത്തതിന് പ്രധാന കാരണങ്ങൾ ആണ്. ജി.എസ്.ടി ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തത് മൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും, സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സ്ഥിതിയാണ്. രാജ്യമൊട്ടാകെ ജി.എസ്.ടി വരുമാനത്തിലുണ്ടായ വളർച്ചക്ക് ആനുപാതികമായ വളർച്ച ജി എസ് ടി വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ